**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2696** **24-06-2024 - ൽ മറുപടിയ്ക്ക്**

**പൊന്നാനി തുറമുഖനിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)** | | **ശ്രീ. വി.എൻ വാസവൻ (തുറമുഖം - സഹകരണ വകുപ്പ് മന്ത്രി)** | |
| (എ) | പൊന്നാനി തുറമുഖനിർമ്മാണത്തിനായി അനുവദിക്കപ്പെട്ട ഭൂമിയിൽ നിലവിൽ തുറമുഖത്തിനൊ മറ്റ് ആവശ്യങ്ങൾക്കൊ വേണ്ടി ഏതെങ്കിലും തരത്തിലുള്ള നിർമ്മാണപ്രവർത്തനങ്ങൾ നടക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (എ) | ഇല്ല. |
| (ബി) | പ്രസ്തുത തുറമുഖം യാഥാർഥ്യമാക്കുന്നതിനായി എന്തെങ്കിലും പദ്ധതികൾ ആവിഷ്ക്കരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ; | (ബി) | ഉണ്ട്. പൊന്നാനി തുറമുഖത്തിന്റെ സമഗ്ര വികസനത്തിന് വിവിധ പദ്ധതികൾ ഉൾക്കൊള്ളിച്ചു കൊണ്ടുള്ള 90 കോടി രൂപയുടെ ഡി പി ആർ ഹാർബർ എൻജിനീയറിംഗ് വകുപ്പ് തയ്യാറാക്കി യിട്ടുണ്ട്. ആദ്യമായി 100 മീറ്റർ നീളമുള്ള വാർഫിന്റെ നിർമ്മാണമാണ് ലക്ഷ്യമിടുന്നത്. ഡി.പി.ആറിൽ വാർഫ് നിർമ്മാണത്തിന് 20.23 കോടി രൂപയാണ് കണക്കാക്കിയിരിക്കുന്നത്. സാഗർമാല പദ്ധതിയിൽ നിന്നും സഹായം ലഭിക്കുന്നതിനായി ഈ പദ്ധതി സമർപ്പിച്ചിരുന്നു. പാരിസ്ഥിതിക ആഘാത പഠനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | അതിനായി 2021-22, 2022-23, 2023-24 എന്നീ വർഷങ്ങളിൽ തുക വകയിരുത്തിയിട്ടുണ്ടോ; ഈ സർക്കാരിന്റെ കാലയളവിൽ പൊന്നാനി തുറമുഖനിർമ്മാണവുമായി ബന്ധപ്പെട്ട പ്രവൃത്തികൾ ആരംഭിക്കുവാൻ സാധിക്കുമോ എന്ന് വ്യക്തമാക്കുമോ; | (സി) | പൊന്നാനി തുറമുഖ വികസനവുമായി ബന്ധപ്പെട്ട വിവിധ വികസന പ്രവർത്തികൾക്കായി ബഡ്ജറ്റിൽ 2021-22 സാമ്പത്തിക വർഷം മുതൽ വകയിരുത്തിയിരുന്ന തുകയും ആയതിന്റെ വിനിയോഗവും ചുവടെ ചേർക്കുന്നു.<br><br>തുറമുഖ വികസനത്തിന്റെ ആദ്യഘട്ടമായ 100 മീറ്റർ വാർഫ് നിർമ്മാണത്തിന് ആവശ്യമായ തുക 20 കോടി രൂപയ്ക്ക് മുകളിലായതിനാൽ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക കൊണ്ട് ഭരണാനുമതി ലഭിക്കാൻ ബുദ്ധിമുട്ടുണ്ടായി. ആയതിനാൽ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക ആ വർഷങ്ങളിൽ ഉപയോഗിക്കാൻ സാധിച്ചിട്ടില്ല. എന്നാൽ നടപ്പ് സാമ്പത്തിക വർഷത്തിൽ 2 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ ടി പ്രൊജക്ട് സാഗർ മാല പദ്ധതിയിൽ ഉൾപ്പെടുത്താൻ കേന്ദ്ര |

| | | | |
|---|---|---|---|
| | | | സർക്കാരുമായി ആശയവിനിമയം നടത്തുകയാണ്. ഈ പ്രൊജക്റ്റ് സാഗർമാല പദ്ധതിയിൽ ഉൾപ്പെടുത്താൻ കേന്ദ്രസർക്കാരിൽ നിന്ന് അനുമതി ലഭിച്ചാൽ, നടപ്പ് സാമ്പത്തിക വർഷത്തിൽ വകയിരുത്തിയിരിക്കുന്ന തുക പ്രാഥമികമായി ഉപയോഗപ്പെടുത്തുകയും, ബാക്കി തുക കൂടി വരും വർഷങ്ങളിലെ ബഡ്ജറ്റ് തുകയിൽ വകയിരുത്തി, സാഗർമാലയിൽ നിന്ന് 20% ഫണ്ടും കൂടി ലഭിക്കുന്ന മുറക്ക് ആദ്യഘട്ടമായ 100 മീറ്റർ വാർഫിന്റെ നിർമ്മാണ പ്രവർത്തി പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. പൊന്നാനി തുറമുഖത്തിന്റെ സമഗ്രവികസനത്തിനായി മുഴുവൻ വികസന പ്രവർത്തനങ്ങളും സ്വകാര്യപങ്കാളിത്തത്തോടുകൂടി നടപ്പിലാക്കാൻ താല്പര്യപത്രം ക്ഷണിക്കാനുള്ള വിഷയവും പരിഗണനയിലുണ്ട്. |
| (ഡി) | മലബാർ പോർട്ട് പ്രൈവറ്റ് ലിമിറ്റഡുമായി (എം.പി.പി.സി.) 29/11/2011 ന് ഏർപ്പെട്ടിരുന്ന കരാർ റദ്ദ് ചെയ്തതിനുശേഷം പ്രസ്തുത തുറമുഖം യാഥാർത്ഥ്യമാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | (ഡി) | 2011 മലബാർ പോർട്സ് പ്രൈവറ്റ് ലിമിറ്റഡ് (MPPL) എന്ന പ്രൈവറ്റ് കമ്പനിയുമായി പൊന്നാനി തുറമുഖ വികസനവുമായി ബന്ധപ്പെട്ട concession agreementൽ ഏർപ്പെട്ടിരുന്നെങ്കിലും പ്രവർത്തി ആരംഭിക്കാത്തതിനാൽ പ്രസ്തുത എഗ്രിമെന്റ് സർക്കാർ റദ്ദാക്കുകയാണ് ഉണ്ടായത്. ഈ നിർദ്ദിഷ്ട പ്രദേശത്ത് പോർട്ട് വികസനവുമായി ബന്ധപ്പെട്ട മറ്റേതെങ്കിലും തരത്തിലുള്ള പദ്ധതികൾ ഒന്നും തന്നെ നിലവിൽ ഇല്ല. |
| (ഇ) | പ്രസ്തുത പദ്ധതിക്കായി എച്ച് .ഇ.ഡി. തയ്യാറാക്കുന്ന ഡി.പി.ആർ. ന്റെ നിലവിലെ പുരോഗതി വിശദമാക്കാമോ? | (ഇ) | ഹാർബർ എഞ്ചിനിയറിംഗ് വകുപ്പ് തയ്യാറാക്കി നൽകിയ ഡി.പി.ആർ അനുസരിച്ച്, പദ്ധതി അടങ്കൽ തുക ഏകദേശം 90 കോടി രൂപയാണ്. ഈ ഡിപിആറിൽ അടങ്ങിയിരിക്കുന്ന 90 കോടി രൂപയുടെ പ്രോജക്റ്റിന്റെ ആദ്യഘട്ടമായ 100 മീറ്റർ നീളമുള്ള വാർഫിന്റെ നിർമ്മാണമാണ് കേരള മാരിടൈം ബോർഡ് ആദ്യമായി ലക്ഷ്യമിടുന്നത്. ഡിപിആർ തയ്യാറാക്കുന്നതിനുള്ള കൺസൾട്ടൻസി ചെലവുകൾക്ക് ഒരു ലക്ഷം രൂപ ഹാർബർ എൻജിനീയറിംഗ് വകുപ്പിന് നൽകിയിട്ടുണ്ട്. ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുകയുടെ (2 കോടി) അപര്യാപ്തതയാണ് കാരണം. പൊന്നാനി തുറമുഖ വികസനത്തിന്റെ ഭാഗമായി മൾട്ടിപർപ്പസ് വാർഫ് നിർമ്മിക്കുന്നതിന് Rapid EIA Study നടത്തുന്നതിനും CRZ ക്ലിയറൻസ് ലഭ്യമാക്കുന്നതിനും 20 ലക്ഷം രൂപ ഹാർബർ എൻജിനീയറിംഗ് വകുപ്പ് ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

| സാമ്പത്തിക വർഷം | തുക | വിനിയോഗം |
| --- | --- | --- |
| 2021-22 | 1000/- | Token Provision |
| 2022-23 | 1000/- | Token Provision |
| 2023-24 | 2.5 crores | ഇല്ല |
| 2024-25 | 2 crores | ഇല്ല |